# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4213    03.02.2014-ൽ മറുപടിക്ക്**

**ആവശ്യമുള്ളതിൽ കൂടുതൽ പൈപ്പുകൾ വാങ്ങുന്നവർക്കെതിരെ നടപടി**

| ചോദ്യം<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജപ്പാൻ കടിവെള്ള പദ്ധതിയ്ക്കും മറ്റ് ശുദ്ധജലവിതരണ പദ്ധതി കൾക്കുമായി ഇറക്കിയ വിവിധ വലിപ്പത്തിലെ പൈപ്പുകൾ പദ്ധതി പൂർത്തിയായ ശേഷം ബാക്കി യുള്ളവ പൊതുമരാമത്ത് വകുപ്പ് റോഡ് വക്കുകളിൽ കൂട്ടിയിട്ടിട്ടുള്ളത് ഗതാഗത പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാര്യം ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ അടിയന്തിരമായി മാറ്റുവാൻ നടപടി സ്വീകരിക്കുമോ ;<br>(ബി) വിവിധ ജലവിതരണ പദ്ധതികൾക്ക് ആവശ്യമുള്ളതിലും വളരെക്കൂടുതൽ പൈപ്പുകൾ വാങ്ങി റോഡു വക്കുകളിൽ ഉപേക്ഷിക്കുകയും സർക്കാരിന് അധിക ബാധ്യത ഉണ്ടാക്കുകയും ഗതാഗത പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തതിന് ഉത്തരവാദി കളായവരെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ? | (എ) & (ബി) ജപ്പാൻ കടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം, മീനാട്, കോഴിക്കോട് എന്നീ പദ്ധതികളുടെ കീഴിലുള്ള ജല വിതരണ ക്കുഴലുകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തി യായിട്ടില്ല. പ്രസ്തുത സ്ഥലങ്ങളിൽ സ്ഥാപി ക്കുവാനുള്ള പൈപ്പുകൾ റോഡിന്റെ വശങ്ങളിൽ ഗതാഗത പ്രശ്നമുണ്ടാക്കാത്ത രീതിയിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. കടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച ശേഷം പൈപ്പുകളൊന്നും തന്നെ റോഡു വക്കുകളിൽ കൂട്ടിയിട്ടിട്ടില്ല. ജൈക്ക ഉൾ പ്പെടെ വിവിധ കടിവെള്ള പദ്ധതികൾക്ക് ആവശ്യത്തിൽ കൂടുതൽ പൈപ്പുകൾ വാങ്ങി യിട്ടില്ല. എന്നാൽ കടിവെള്ള പദ്ധതികളിൽ ഉപയോഗിക്കുന്ന പൈപ്പിന്റെ 2.5 ശതമാനം ഭാവിയിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾക്ക് ഉപയോഗിക്കുന്നതിനായി വാങ്ങാറുണ്ട്. റോഡു കളിൽ സ്ഥാപിക്കുന്നതിനാവശ്യമായ പൈപ്പുകൾ മാത്രമേ സ്റ്റോക്ക് ചെയ്തിട്ടുള്ളൂ. പൈപ്പ് സ്ഥാപിക്കുന്ന പണികൾ നടന്നു വരികയാണ്. ഇതുമൂലം ഗതാഗത പ്രശ്നങ്ങൾ വന്നതായി ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ